# 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

2269/2012.

# സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2011-13)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

ശ്രീ. പി. റ്റി. എ. റഹീം, എം. എൽ. എ.

ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.

ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

2269/2012.

## 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ (ബിൽ നമ്പർ 149), കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2012 -ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ 2012 നവംബർ 6-ാം തീയതി ഒരു സാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2012 ഡിസംബർ 12-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2012 ഡിസംബർ 13-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

### 2-ാം ഖണ്ഡം

2-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന (iv എ) ഖണ്ഡത്തിലെ, "രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി" എന്നീ വാക്കുകൾക്കുപകരം "രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയ ആൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

### 3-ാം ഖണ്ഡം

3-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,

(i) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ഖണ്ഡങ്ങളുടെ ആവശ്യത്തിലേക്കായി നൽകപ്പെടുന്ന രേഖാമൂലമായ നിർദ്ദേശം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബന്ധപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതും അങ്ങനെയുള്ള രേഖാമൂലമായ നിർദ്ദേശത്തിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.";

(ii) (3)-ാം ഉപവകുപ്പിൽ, "ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടെ ജില്ലാ പ്രസിഡന്റ് അല്ലെങ്കിൽ ജില്ലാ സെക്രട്ടറി" എന്നീ വാക്കുകൾക്കുപകരം "ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയ ആൾ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.

തിരുവനന്തപുരം,
2012 ഡിസംബർ 13.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

## അനുബന്ധം

## വിയോജനക്കുറിപ്പ്

2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ ഞങ്ങൾ താഴെ പറയുന്ന വിയോജനം രേഖപ്പെടുത്തുന്നു;

പാർട്ടികൾ വിവിധ ഗ്രൂപ്പുകളായി മാറിയ സാഹചര്യത്തിൽ നിയമം പ്രായോഗിക മല്ലാതെ വരുന്നതാണ്:

പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ. (ഒപ്പ്)

പി. റ്റി. എ. റഹീം, എം.എൽ.എ. (ഒപ്പ്)

ഇ. കെ. വിജയൻ, എം.എൽ.എ. (ഒപ്പ്)

# 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്ത് വരച്ചതും കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ
(കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 ജനുവരി 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്റ്റിലെ (1999-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (iv)-ാം ഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ivഎ) "രേഖാമൂലമായ നിർദ്ദേശം" എന്നാൽ ഒരു രാഷ്ട്രീയ കക്ഷിയിൽ പെട്ടതോ ഒരു രാഷ്ട്രീയ കക്ഷിയുടെ പിന്തുണയുള്ളതോ ആയ ഒരു അംഗത്തിന് പ്രസ്തുത രാഷ്ട്രീയകക്ഷിയുടേതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതതു കാലങ്ങളിൽ രാഷ്ട്രീയകക്ഷി അധികാരപ്പെടുത്തിയ ആൾ അനുകൂലമായോ പ്രതികൂലമായോ വോട്ട് രേഖപ്പെടുത്തുന്നതിനോ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കുന്നതിനോവേണ്ടി തീയതി വച്ച് ഒപ്പിട്ട് രേഖാമൂലം നൽകുന്ന നിർദ്ദേശം എന്നർത്ഥമാകുന്നു;".

3. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(എ) നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതുമാണ്, അതായത്:—

(2) (1)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ഖണ്ഡങ്ങളുടെ ആവശ്യത്തിലേക്കായി നൽകപ്പെടുന്ന രേഖാമൂലമായ നിർദ്ദേശം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബന്ധപ്പെട്ട അംഗങ്ങൾക്ക് നൽകേണ്ടതും അങ്ങനെയുള്ള രേഖാമൂലമായ നിർദ്ദേശത്തിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതും ആണ്.

(3) ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയോ അഥവാ സഖ്യമോ (2)-ാം ഉപവകുപ്പിൻ കീഴിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ അംഗമോ തമ്മിൽ ഈ വകുപ്പിൻകീഴിൽ നൽകപ്പെടുന്ന നിർദ്ദേശം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷിയുടെതായ ചിഹ്നം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് അതത് കാലങ്ങളിൽ രാഷ്ട്രീയ കക്ഷി അധികാരപ്പെടുത്തിയ ആൾ അക്കാര്യത്തിൽ നൽകിയ രേഖാമൂലമായ നിർദ്ദേശം സാധുവായി കരുതപ്പെടേണ്ടതാണ്.";

(ബി) നിലവിലുള്ള വിശദീകരണത്തിൽ, "നിറുത്തിയ" എന്ന വാക്കിനുപകരം "നിറുത്തിയതോ അല്ലെങ്കിൽ പിന്തുണ നൽകിയതോ ആയ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ഭേദഗതി ഓർഡിനൻസ് (2012-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2012 ഡിസംബർ 13.

**പി. ഡി. ശാരംഗധരൻ,**
*സെക്രട്ടറി.*